بِسۡمِ اللّٰہِ الرَّحۡمٰنِ الرَّحِیۡمِ ①

# ജുമുഅഃ ഖുത്ബ സംഗ്രഹം 24.12.2021

## സയ്യിദുനാ ഹദ്റത് അമീറുൽ മുഅ്മിനീൻ ഖലീഫത്തുൽ മസീഹ് അൽഖാമിസ് (അയ്യദഹുല്ലാഹ്)

*യു.കെ.യിലെ ഇസ്ലാമാബാദിലുളള മസ്ജിദ് മുബാറക്കിൽ നിർവഹിച്ചത്.*

### ഹദ്റത്ത് അബൂബക്കർ സിദ്ദീഖ്(റ)ന്റെ സ്തുത്യർഹമായ ഗുണവിശേഷങ്ങൾ - 4

اَشۡھَدُ اَنۡ لَّاۤ اِلٰہَ اِلَّا اللّٰہُ وَحۡدَہٗ لَا شَرِیۡکَ لَہٗ وَاَشۡھَدُ اَنَّ مُحَمَّدًا عَبۡدُہٗ وَرَسُوۡلُہٗ
اَمَّا بَعۡدُ فَاَعُوۡذُ بِاللّٰہِ مِنَ الشَّیۡطٰنِ الرَّجِیۡمِ ○ بِسۡمِ اللّٰہِ الرَّحۡمٰنِ الرَّحِیۡمِ ○
اَلۡحَمۡدُ لِلّٰہِ رَبِّ الۡعٰلَمِیۡنَ ○ اَلرَّحۡمٰنِ الرَّحِیۡمِ ○ مٰلِکِ یَوۡمِ الدِّیۡنِ ○ اِیَّاکَ
نَعۡبُدُ وَاِیَّاکَ نَسۡتَعِیۡنُ ○ اِھۡدِنَا الصِّرَاطَ الۡمُسۡتَقِیۡمَ ○ صِرَاطَ الَّذِیۡنَ اَنۡعَمۡتَ
عَلَیۡہِمۡ غَیۡرِ الۡمَغۡضُوۡبِ عَلَیۡہِمۡ وَلَا الضَّآلِّیۡنَ ○

നബി(സ) മദീനയിലേക്ക് ഹിജ്റത്ത് പോകുമ്പോൾ ഹദ്റത് അബുബക്കർ സിദ്ദീഖിന്റെ സഹവാസത്തെ കുറിച്ചും പരാമർശമുണ്ട്. കാഫിരീങ്ങൾ മക്കാ നിവാസികളായ മുസ്ലിംകൾക്കുമേൽ അതിക്രമണങ്ങൾ തുടരെത്തുടരെ വർധിപ്പിച്ച് കൊണ്ടിരുന്ന സന്ദർഭത്തിൽ നബി(സ)നു ഒരു സ്വപ്നത്തിൽ മുസ്ലിംകൾക്ക് ഹിജ്റത് പോകേണ്ടിയിരുന്ന ഈന്തപ്പനകളാൽ മൂടപ്പെട്ട സ്ഥലം കാണിക്കപ്പെട്ടു. അതിന്റെ ഭൂമിശാസ്ത്രവും ഭൂപ്രകൃതിയും കണ്ടു കൊണ്ട് നബി(സ) സ്വയം മനസ്സിലാക്കിയത് അത് ഹിജ്റോ യമാമയോ ആണെന്നാണ്. മദീനയിലുള്ള സൗഭാഗ്യവാനായ അൻസാറുകൾ ഇസ്ലാം സ്വീകരിച്ച് തുടങ്ങിയപ്പോൾ ദൈവീക സന്ദേശങ്ങളുടെ വെളിച്ചത്തിൽ ആ പറയപ്പെട്ട സ്ഥലം യസ്രിബ് തന്നെയാണെന്ന് വെളിപ്പെടുകയുണ്ടായി. ഇതാണ് പിന്നീട് മദീന എന്ന പേരിൽ സുപ്രസിദ്ധമായി തീർന്നത്.

തിരുനബി(സ) മക്കയിലെ മുസ്ലിംകൾക്കു മദീനയിലേക്ക് ഹിജ്റത് ചെയ്യാൻ അനുമതി നൽകിയതിനെ തുടർന്ന് മുസ്ലിംകൾ മദീനയിലേക്ക് ഹിജ്റത് ചെയ്യാൻ തുടങ്ങി, ബൈഅത് ഉഖ്ബ സാനിയക്ക് ശേഷം ഹിജ്റത്തും ത്വരിതഗതിയിലായി. മക്കയിലുള്ള ദുഷ്ട പ്രമാണികൾ കോപാന്ധരായി ആക്രമണങ്ങൾക്കു പുതിയ രീതികൾ സ്വീകരിച്ചു. എന്നാൽ ക്ഷമയും സഹനവുമുള്ള വിശ്വാസികളുടെ ജമാഅത്തിൽ നിന്നും ഹിജ്റത് ചെയ്യാൻ സാധ്യമായിരുന്നവർ മദീനയിലേക്ക് ഹിജ്റത് ചെയ്തു കൊണ്ടിരുന്നു. തദവസരത്തിൽ തിരുനബി(സ) മക്കയിൽ തന്നെ അല്ലാഹുവിന്റെ കല്പനയും പ്രതീക്ഷിച്ച് കഴിയുകയായിരുന്നു. ഹദ്റത് അബൂബക്കർ സിദ്ദീഖ്(റ) ഹിജ്റത്തിന് അനുമതി ചോദിച്ച് കൊണ്ട് തിരുനബിയുടെ സവിധത്തിൽ ഹാജറായപ്പോൾ നബി(സ) പറഞ്ഞു. *അലാ റിസ്‌ലിക ഫഇന്നീ അർജൂ അൻയ്യുഅ്ദനലീ* നിൽക്കുക, എനിക്കും അനുമതി കിട്ടുമെന്ന് ഞാൻ പ്രതീക്ഷിക്കുന്നു. അവസാനം മക്കയിൽ തിരുനബി(സ)യും ഹദ്റത് അബൂബക്കറും ഹദ്റത് അലിയും ഏതാനും അടിമകളും മാത്രം അവശേഷിച്ചു.

ഹദ്റത്ത് മുസ്ലിഹ് മൗഊദ് പറയുന്നു: മക്കക്കാർക്ക് തിരുനബി(സ) മക്കയിൽ നിന്നും ഹിജ്റത്തു ചെയ്തു മദീനയിലേക്കു പോകുമെന്ന ആശങ്കയാൽ അവർ ദാറുനദുവയിൽ ഖുസ്സാ ബിൻ കിലാബിന്റെ വീട്ടിൽ നബി(സ)ന് എതിരിൽ കൂടിയാലോചന നടത്താൻ ഒത്തുകൂടി. അവർ ഒരുമിച്ച് കൂടിയിരുന്ന ദിവസം യൗമുസ്സഹ്മഃ എന്നാണ് പറയപ്പെടുന്നത്. അവിടെ ഖുറൈശി മൂപ്പന്മാരുടെ ഒരു വലിയ സംഘവും ഖുറൈശിൽ പെടാത്ത കുറച്ച് മൂപ്പൻമാരും ഒത്തുകൂടിയി രുന്നു.

മുഹമ്മദ്(സ)നെ ഒരിടത്ത് ബന്ധനസ്ഥനാക്കാമെന്നും നമ്മുടെ നാട്ടിൽ നിന്നും പുറത്താക്കാമെന്നും ഒക്കെയുള്ള വിവിധ അഭിപ്രായങ്ങൾ വന്നുകൊണ്ടിരുന്നു. എന്നാൽ അബൂജഹലിന്റെ അഭിപ്രായം, ഖുറൈശിലെ ഓരോ ഗോത്രത്തിലേയും ആഢ്യത്തവും കുലീനതയുമുള്ള യുവാക്കളെ തിരഞ്ഞെടുക്കുകയും അവർ മുഹമ്മദ്(സ)നെ വധിക്കുകയും ചെയ്യണം. ഇങ്ങനെ വധിക്കുകയാണെങ്കിൽ അയാളുടെ രക്തത്തിന്റെ പങ്ക് എല്ലാ ഗോത്രങ്ങളിലും വിഭജിക്കപ്പെടും. ബനൂ അബ്ദു മനാഫിന് എല്ലാ ഗോത്രങ്ങളോടും പൊരുതാൻ കെല്പുണ്ടാകില്ല. അങ്ങനെയാകുമ്പോൾ അവർ കൊലക്കുറ്റത്തിന്റെ പിഴയിൽ തൃപ്തരാകുന്നതുമാണ്. അപ്പോൾ അപരിചിതനായ, ഒരു പുതപ്പ് പുതച്ചിരുന്ന, ഇബ്ലീസിന്റെ സ്വാഭാവമുള്ള ഒരു വൃദ്ധൻ വന്നിട്ടു പറഞ്ഞു: ഞാൻ നജദിൽ നിന്നുള്ള വ്യക്തി ആകുന്നു. നിങ്ങളുടെ നന്മക്കായിട്ടാണു വന്നിട്ടുള്ളത്. അയാൾ അബൂജഹലിന്റെ അഭിപ്രായത്തെ പിന്താങ്ങുകയുണ്ടായി. എല്ലാവരും ഈ അഭിപ്രായത്തിൽ ഐക്യപ്പെട്ടുകൊണ്ടു പിരിഞ്ഞു പോയി. മറുഭാഗത്ത് അല്ലാഹു നബി(സ)നു ഈ എല്ലാ കാര്യങ്ങളും അറിയിച്ച് കൊടുത്തുകൊണ്ട് ജിബിരീൽ മുഖേന നബി(സ)നു പാലായനത്തിനുള്ള അനുമതിയും നൽകുകയുണ്ടായി. മാത്രമല്ല പിന്നീട് വിജയശ്രീലാളിതനായി ദൈവീക സഹായത്തോടൊപ്പം തിരികെ വരുമെന്ന സുവാർത്തയും നൽകി.

ഹിജ്റത്തിനുള്ള അനുമതി കിട്ടിയപ്പോൾ നബി(സ) ചൂടുകാലമായതിനാൽ ഉച്ച സമയത്ത് എല്ലാവിധ മുൻകരുതലുകളുമായും തന്നെ തിരിച്ചറിയാതിരിക്കാനായി തുണി കൊണ്ട് മറച്ചുകൊണ്ടും ഹദ്റത് അബൂബക്കറിന്റെ വീട്ടി

ലേക്ക് പോകുകയുണ്ടായി. നബി(സ) ഹദ്റത് അബൂബക്കറിനോട് പറഞ്ഞു: എനിക്ക് ഹിജ്റത്തിനുള്ള അനുമതി കിട്ടിയിരിക്കുന്നു. അബുബക്കർ പറഞ്ഞു: യാ റസൂലല്ലാഹ് അങ്ങയുടെ കൂടെ ഞാനും വരട്ടേ? നബി(സ) പറഞ്ഞു: അതെ. ഹിജ്റത്തിനെ പറ്റിയുള്ള സൂചന നേരത്തെ കിട്ടിയിരുന്നതിനാൽ ഹദ്റത് അബൂബക്കർ ഈ ആവശ്യത്തിന് വേണ്ടി 800 ദിർഹമിന് രണ്ടു ഒട്ടകങ്ങളെ വാങ്ങി വെച്ചിട്ടുണ്ടായിരുന്നു അതിലൊന്ന് നബി(സ) നാനൂറു ദിർഹമിന് വാങ്ങി. മറ്റൊരു നിവേദനം അനുസരിച്ച് നബി(സ) ഈ ഒട്ടകത്തെ എണ്ണൂറു ദിർഹമിനാണ് വാങ്ങിയത്.

എടുത്ത തീരുമാനപ്രകാരം ആദ്യം സൗർ ഗുഹയിൽ ആണ് തമ്പടിക്കേണ്ടത്. മൂന്ന് ദിവസം അവിടെ താമസിക്കേണ്ടതായി വരും. അതുപോലെ തന്നെ മക്കയുടെ ചുറ്റുപാടുമുള്ള മണലാരണ്യവഴികളെ സംബന്ധിച്ച് നല്ല പരിജ്ഞാനമുള്ള മുശ്രിക്ക് ആയിരുന്നെങ്കിലും ശുദ്ധ മനസ്കനായ അബ്ദുല്ലാഹ് ബിൻ അരീഖത്തിനു മൂന്നു ഒട്ടകങ്ങളെ കൊടുത്തു. മൂന്ന് ദിവസത്തിന് ശേഷം പ്രഭാതത്തിൽ തന്നെ അയാൾ സൗർ ഗുഹയിൽ വരണമെന്നു നിർദ്ദേശിച്ചു. ഇദ്ദേഹം പിന്നീട് മുസ്‌ലിമാകുകയുണ്ടായി. ഹദ്റത് അബ്ദുല്ലാഹ് ബിൻ അബൂബക്കറിനു മക്കയിൽ എന്തൊക്കെയാണ് നടന്നു കൊണ്ടിരിക്കുന്നത് എന്ന് രാത്രി സൗർ ഗുഹയിൽ വന്നു റിപ്പോർട്ട് നൽകണം എന്നുള്ള ചുമതലയാണ് നൽകപ്പെട്ടത്. ഹദ്റത് അബൂബക്കറിന്റെ ബുദ്ധിമാനും ഉത്തരവാദിത്തബോധമുള്ളവനുമായ ഭൃത്യൻ ആമിർ ബിൻ ഫുഹൈറക്ക് നൽകിയ ഉത്തരവാദിത്തം അയാൾ തന്റെ ആടുകളെ സൗർ ഗുഹയുടെ അടുത്ത് മേയാൻ വിടണം എന്നും രാത്രി പാൽ കറന്ന് ഏറ്റവും പുതു പുത്തൻ പാൽ എത്തിക്കണം എന്നുമായിരുന്നു. ഹദ്റത് അലി(റ)ന് നൽകിയ ഉത്തരവാദിത്വം അദ്ദേഹം നബി(സ)ന്റെ പരിശുദ്ധ കിടക്കയിൽ പച്ച പുതപ്പുമായി മറ്റൊരു നിവേദനം അനുസരിച്ച് ചുവന്ന നിറമുള്ള ഹദ്റമി പുതപ്പും പുതച്ച് ഉറങ്ങുകയും നബിയുടെ ഭാഗത്തു നിന്നും സൂക്ഷിപ്പ് മുതലുകൾ എല്ലാം ജനങ്ങൾക്കു തിരികെ കൊടുത്തതിന് ശേഷം മദീനയിലേക്ക് വരികയും ചെയ്യുക എന്നതായിരുന്നു.

ഹിജ്റത്തിനായി നബി(സ)ന്റെ വീട്ടിൽ നിന്നും പുറപ്പെട്ട സമയത്തെ സംബന്ധിച്ച് വ്യത്യസ്ഥ നിവേദനങ്ങളുണ്ട്. ഹദ്റത് മസീഹ് മൗഊദ്(അ)ന്റെ വിവരണത്തി(ന്റെ അടി സ്ഥാന)ത്തിൽ നബി(സ) പ്രഭാതവേളയിലാണ് വീട്ടിൽ നിന്നും പുറപ്പെട്ടത്. നബി(സ) പോകുന്ന സമയത്ത് ഒരു ശത്രുവിനും അത് കാണാൻ കഴിഞ്ഞില്ല. എല്ലാ എതിരാളികളും നബി(സ)യുടെ വീട് ഉപരോധിച്ചിരിക്കുകയായിരുന്നു. അല്ലാഹു സൂറ യാസീനിൽ പരാമർശിച്ചപോലെ അവരുടെ എല്ലാവരുടെയും ശത്രുതയുടെ കണ്ണുകൾക്ക് മീതെ ആവരണം ഇടപ്പെട്ടു. നബി(സ) അവരുടെ മീതെ പൊടിയിട്ടു കടന്നുപോയി. ഇനി നബി(സ) ഏത് ഭാഗത്തേക്കാണ് പോയത് എന്നതിനെ സംബന്ധിച്ചും വ്യത്യസ്ത നിവേദനങ്ങളുണ്ട്. അതിൽ കൂടുതൽ ശരിയായത്, തിരുനബി(സ) തന്റെ വീട്ടിൽ നിന്നും പുറപ്പെട്ടു നേരെ അബുബക്കറിന്റെ വീട്ടിലെത്തി. അവിടെ നിന്നും ഹദ്റത് അബുബക്കറിന്റെ കൂടെ സൗർ ഗുഹയിലേക്ക് പോവുകയുണ്ടായി എന്നതാണ്. ആ സമയത്ത് ഹദ്റത് ആഇശ(റ) യാത്രക്ക് വേണ്ട ഭക്ഷണം വേഗം തയ്യാറാക്കി. ഭക്ഷണത്തിനുള്ള തുകൽ പാത്രം കെട്ടുന്നതിന് ഹദ്റത് അസ്മാ തന്റെ വസ്ത്രത്തിന്റെ അരയിൽ കെട്ടുന്ന നാട രണ്ടായി കീറി കെട്ടുകയുണ്ടായി. നബി(സ) പറഞ്ഞു: അസ്മാ അല്ലാഹു നിനക്ക് ഈ ഒരു നാടക്ക് പകരം സ്വർഗത്തിൽ രണ്ടു നാടകൾ നൽകുന്നതാണ്. അതിനു ശേഷം ഹദ്റത് അസ്മാ ദാതു നിത്താഖൈൻ അതായത് ഇരട്ട അരപ്പട്ടക്കാരി എന്ന് അറിയപ്പെടാൻ തുടങ്ങി.

നബി(സ) ഹിജ്റത്തിന്റെ ഈ യാത്രയിൽ ഉടനീളം

وَقُلْ رَّبِّ اَدْخِلْنِيْ مُدْخَلَ صِدْقٍ
وَّ اَخْرِجْنِيْ مُخْرَجَ صِدْقٍ وَّ اجْعَلْ (17:80)
لِّيْ مِنْ لَّدُنْكَ سُلْطٰنًا نَّصِيْرًا ۸۱

അതായത് നീ പറയുക അല്ലയോ എന്റെ നാഥാ, എന്നെ സത്യത്തോട് കൂടി പ്രവേശിപ്പക്കേണമേ സത്യപൂർണമായ നിലയിൽ എനിക്ക് പുറപ്പെടാനും കഴിയേണമേ. നിന്റെ പക്കൽ നിന്നുള്ള ശക്തനായ ഒരു സഹായിയെ എനിക്ക് നൽകേണമേ എന്ന ആയത്ത് പാരായണം ചെയ്തു കൊണ്ടിരുന്നു.

ശർഹെ സർഖാനിയിൽ ഒരു ദുആയുടെ പരാമർശം ഇങ്ങനെ കാണുന്നു, കഅ്ബയുടെ പിന്നിലൂടെ വന്നു മക്കയിലേക്ക് തന്റെ മുഖം തിരിച്ചുകൊണ്ട് പറഞ്ഞു: അല്ലാഹുവാണെ, അല്ലയോ മക്കാ, അല്ലാഹുവിന്റെ ഭൂമിയിൽ നീ എനി ക്കും അല്ലാഹുവിനും ഏറെ പ്രിയപ്പെട്ടതാണ്. നിന്റെ നിവാസികൾ എന്നെ നിർബന്ധിച്ച് പുറത്താക്കിയില്ലാ എങ്കിൽ ഞാൻ ഒരിക്കലും ഇവിടെ നിന്നും പോകുമായിരുന്നില്ല.

ഇമാം ബൈഹഖി എഴുതുന്നു, സൗർ ഗുഹയിലേക്കുള്ള യാത്രയിൽ അബുബക്കർ(റ) നബിയുടെ സുരക്ഷിതത്വത്തിനായി ചിലപ്പോൾ നബി(സ)ന്റെ മുന്നിലും ചിലപ്പോൾ പിന്നിലും ചിലപ്പോൾ ഇടതുഭാഗത്തായും ചിലപ്പോൾ വലതുഭാഗത്തായും നടക്കുമായിരുന്നു. ഒരു നിവേദനത്തിന്റെ അടിസ്ഥാനത്തിൽ സൗർ ഗുഹ എത്തുമ്പോഴേക്കും ആ പർവത യാത്രയിൽ നബി(സ)ന്റെ പരിശുദ്ധ കാലുകളിൽ മുറിവ് പറ്റിയിരുന്നു. സൗർ ഗുഹയിൽ എത്തിയപ്പോൾ എന്തെങ്കിലും ബുദ്ധിമുട്ടിക്കുന്നത് അകത്തുണ്ടെങ്കിൽ എന്നു കരുതി ഹദ്റത് അബുബക്കർ ആദ്യം അകത്തേക്ക് കടന്ന് ഗുഹയുടെ അകം വൃത്തിയാക്കി. തുടർന്ന് നബി(സ)യെ അകത്തേക്ക് ക്ഷണിച്ചു. നബി(സ) ഹദ്റത് അബൂബക്കറിന്റെ മടിയിൽ തലവെച്ച് കിടന്നു. ഒരു മാളത്തിന് മുകളിൽ ഹദ്റത് അബുബക്കർ തന്റെ കാൽ വെച്ചു. ഈ മാളത്തിലൂടെ തേളോ പാമ്പോ മറ്റോ അദ്ദേഹത്തെ കൊത്തികൊണ്ടിരുന്നു. പക്ഷേ അദ്ദേഹം യാതൊരു വിധത്തിലും ഇളകിയില്ല. എത്രത്തോളം എന്നാൽ നബി(സ) കണ്ണ് തുറന്നപ്പോൾ ഹദ്റത്

അബൂബക്കറിന്റെ വിവർണമായ മുഖം കണ്ടുകൊണ്ട് കാരണം ചോദിച്ചു. നബി(സ) തന്റെ പരിശുദ്ധ ഉമിനീർ അവിടെ തടവി. പിന്നീട് ആ കാലിനു ഒന്നും പറ്റിയിട്ടില്ലാത്ത വിധം മുമ്പത്തെ പോലെ തന്നെ ആവുകയും ചെയ്തു.

മക്കാ ഖുറൈശികൾക്ക് നബി(സ)യുടെ കിടക്കയിൽ ഹദ്റത് അലി(റ) ആണ് കിടക്കുന്നതെന്നു മനസ്സിലായപ്പോൾ അദ്ദേഹത്തെ(മർദിച്ചു) മോഹാലസ്യപ്പെടുത്തിയതിന് ശേഷം വിട്ടുകളഞ്ഞു. ഹദ്റത് അസ്മായെ കണ്ടു. അബുഹജൽ തന്റെ കൈയുയർത്തി അസ്മയുടെ മുഖത്തേക്ക് ആഞ്ഞടിച്ചു. അവരുടെ കാതിലെ കമ്മൽ തെറിച്ച് വീണു. തുടർന്ന് മക്കയിലെ മൂപ്പൻ ഉമയ്യ ബിൻ ഖലഫ് നിപുണനായ അന്വേഷകനെയും കൊണ്ട് തന്റെ സുഹൃത്തുക്കളോടൊപ്പം നബി(സ)യുടെ കാലടിപ്പാടുകൾ അന്വേഷിച്ച് സൗർ ഗുഹയുടെ മുഖം വരെ എത്തി. ഹദ്റത് അബുബക്കർ പറയുന്നു: ഞാൻ അവരുടെ കാലുകൾ കാണുന്നുണ്ടായിരുന്നു. അല്ലാഹുവാണെ അവരിൽ ആരെങ്കിലും അകത്തേക്ക് എത്തി നോക്കിയിരുന്നു എങ്കിൽ ഞങ്ങൾ പിടിക്കപ്പെടുമായിരുന്നു. എന്നാൽ അപകടം നിറഞ്ഞ ആ നിമിഷത്തിൽ അല്ലാഹു തന്റെ അത്ഭുതകരമായ ഖുദ്റത് കൊണ്ട് ചിലന്തിയെ അയച്ച് ഗുഹാമുഖത്ത് വല തുന്നിപ്പിച്ചു. പ്രാവിൻ ഇണകളെ വിട്ടുകൊണ്ട് അവിടെ ഒരു കൂടും ഉണ്ടാക്കി മുട്ടയിട്ടു. ഈ അനുസ്മരണം ഇൻശാ അല്ലാഹ് തുടരുന്നതാണ്.

اَلْحَمْدُ لِلّٰهِ نَحْمَدُهٗ وَ نَسْتَعِيْنُهٗ وَ نَسْتَغْفِرُهٗ وَنُؤْمِنُ بِهٖ وَ نَتَوَكَّلُ
عَلَيْهِ وَنَعُوْذُ بِاللّٰهِ مِنْ شُرُوْرِ اَنْفُسِنَا وَ مِنْ سَيِّئَاتِ اَعْمَالِنَا مَنْ
يَّهْدِهِ اللّٰهُ فَلَا مُضِلَّ لَهٗ وَمَنْ يُّضْلِلْهُ فَلَا هَادِيَ لَهٗ - وَنَشْهَدُ اَنْ لَّا
اِلٰهَ اِلَّا اللّٰهُ وَنَشْهَدُ اَنَّ مُحَمَّدًا عَبْدُهٗ وَرَسُوْلُهٗ- عِبَادَ اللّٰهِ رَحِمَكُمُ
اللّٰهُ اِنَّ اللّٰهَ يَاْمُرُ بِالْعَدْلِ وَ الْاِحْسَانِ وَ اِيْتَاءِ ذِي الْقُرْبٰى وَيَنْهٰى
عَنِ الْفَحْشَاءِ وَ الْمُنْكَرِ وَ الْبَغْيِ يَعِظُكُمْ لَعَلَّكُمْ تَذَكَّرُوْنَ
اُذْكُرُوا اللّٰهَ يَذْكُرْكُمْ وَ ادْعُوْهُ يَسْتَجِبْ لَكُمْ وَلَذِكْرُ اللّٰهِ اَكْبَرُ-

Friday Sermon Summary delivered by **Hadrat Khalifatul Masih Al-khamis** (atba)

at Mubarak Mosque, Islamabad, UK – on 24.12.2021

Malayalam Translation: **Moulavi T.Jamshad** For Malayalam Desk, Qadian.

**Published By Nazarat Nashr-O-Isha'at, Sadr Anjuman Ahmadiyya - Qadian, 143516**